(ബി) അവർ വിദേശപര്യടനം നടത്തിയതിന്റെ ലക്ഷ്യം എന്തെല്ലാമായിരുന്നുവെന്ന് അറിയിക്കുമോ;

(സി) അവർ വിദേശത്ത് ആരെല്ലാമായി ചർച്ച നടത്തിയിട്ടുണ്ട്;

(ഡി) അവരുടെ ചർച്ചയുടെ ഫലമായി സംസ്ഥാനത്ത് ഏതെല്ലാം വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ട്;

(ഇ) അവരുടെ വിദേശപര്യടനംമൂലം സംസ്ഥാനത്തിന് എന്തെല്ലാം നേട്ടമുണ്ടായിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ)-(ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**14 (570) സർക്കാർ ഉടമസ്ഥതയിലുള്ള വ്യവസായസ്ഥാപനങ്ങളിൽ വേതനക്കരാർ പുതുക്കാൻ നടപടി**

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉടമസ്ഥതയിലുള്ള ഏതെല്ലാം വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ വേതനവും മറ്റും സംബന്ധിച്ച ദീർഘകാല കരാർ പുതുക്കാൻ ബാക്കിയുണ്ട്.

(ബി) വേതനം പുതുക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) എത്ര സമയത്തിനകം കരാർ പുതുക്കൽ പൂർത്തീകരിക്കാൻ കഴിയും;

(ഡി) തൊഴിലാളി യൂണിയനുകൾ ഇത് സംബന്ധിച്ച് ആവശ്യം ഉന്നയിച്ചിട്ടുള്ളതായി അറിവുണ്ടോ?

ഉത്തരം

(എ) അനുബന്ധം I-ആയി നൽകിയിരിക്കുന്നു. †

(ബി)-(ഡി) ശേഖരിച്ചുവരുന്നു.

**15 (571) വ്യവസായ മേഖലയിൽ മുതൽമുടക്ക്**

ശ്രീ. ആര്യാടൻ മുഹമ്മദ് :

ശ്രീ. പി.പി. തങ്കച്ചൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995-96, 1996 - 97, 1997 - 98, 1998 - 99 എന്നീ വർഷങ്ങളിൽ കേന്ദ്രഗവൺമെന്റ് സംസ്ഥാനത്ത് വ്യവസായ മേഖലയിൽ എന്തു മുതൽമുടക്ക് നടത്തിയിട്ടുണ്ട് എന്ന് സംസ്ഥാന ഗവൺമെന്റിന് അറിവുണ്ടോ;

(ബി) എങ്കിൽ ഇത് അതതു വർഷം കേന്ദ്രഗവൺമെന്റ് നടത്തിയിട്ടുള്ള ഒട്ടാകെ മുതൽ മുടക്കിന്റെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലഭ്യമായ കണക്കനുസരിച്ച് സംസ്ഥാനത്തെ കേന്ദ്രഗവൺമെന്റിന്റെ നിക്ഷേപം 1995-96 ൽ 484.37 കോടി രൂപയും 1996-97-ൽ 601.74

LIBRARY ARCHIVES Kerala Legislative Assembly

കോടി രൂപയും 1997-98-ൽ 724.04 കോടി രൂപയും ആയിരുന്നു. 1998-99-ലെ കണക്ക് ലഭ്യമല്ല.

(ബി) ഇത് അതത് വർഷങ്ങളിൽ കേന്ദ്രഗവൺമെന്റിന്റെ ആകെ നിക്ഷേപത്തിന്റെ യഥാക്രമം 1.68 ശതമാനമാനവും 2.14 ശതമാനവും, 2.39 ശതമാനവും വീതമാണ്.

**16 (572) വ്യവസായനിക്ഷേപം കുറയുന്ന സ്ഥിതി**

ശ്രീ. ആര്യാടൻ മുഹമ്മദ് :

ശ്രീ. പി.പി. തങ്കച്ചൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വ്യവസായ നിക്ഷേപം കുറയുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ)&(ബി)ഇല്ല. എന്നാൽ സംസ്ഥാനത്തെ കേന്ദ്രഗവൺമെന്റിന്റെ നിക്ഷേപം കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**17 (573) സർക്കാർ മേഖലയിൽ ടെലിവിഷൻ ചാനൽ**

ശ്രീ. എം. മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ടെലിവിഷൻ ചാനൽ ആരംഭിക്കുന്നതിന് വിവരസാങ്കേതിക വകുപ്പ് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇതിനായി കേന്ദ്ര സർക്കാരിന്റെ അനുമതി തേടിയിട്ടുണ്ടോ;

(ഡി) ഈ ആവശ്യത്തിനായി സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(ഡി) സംസ്ഥാന സർക്കാരിന് പ്രത്യേകമായി ഒരു ടി.വി. ചാനൽ സ്ഥാപിക്കുന്നതിനുള്ള അനുവാദത്തിനായി കേന്ദ്രസർക്കാരിനെ സമീപിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

**18 (574) കെ.എസ്.ഐ.ഡി.സി.യുടെ കൊച്ചി മേഖലാ ഓഫീസ്**

ഡോ. എം.എ. കുട്ടപ്പൻ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഐ.ഡി.സി.യുടെ കൊച്ചി മേഖലാ ഓഫീസ് പ്രവർത്തനം ആരംഭിച്ചതെന്നാണ്;

(ബി) ഈ ഓഫീസിന് ഏതെല്ലാം ജില്ലകളുടെമേൽ അധികാരപരിധിയുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly